## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1399** **04.02.2019-ലെ മറുപടിക്ക്**

**'ഭൂമിയുടെ ഉടമസ്ഥാവകാശം താമസക്കാർക്ക് നൽകുവാൻ നടപടി'**

**ചോദ്യം** **മറുപടി**

**ശ്രീ. ബി.സത്യൻ** **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മണമ്പൂർ തൈവിളാകത്തെ ചില കുടുംബങ്ങളുടെ ഭൂമി, റീസർവ്വേ റെക്കോർഡുകളിൽ തെറ്റായി രേഖപ്പെടുത്തിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം താമസക്കാർക്ക് നൽകുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവിടത്തെ താമസക്കാർക്ക് പട്ടയം നൽകേണ്ടതായുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിലെ കൈവശക്കാരിൽ, കേരള ഭൂപരിഷ്കരണ നിയമം (7 ഇ) വകുപ്പ് പ്രകാരം അർഹതയുള്ളവർക്ക് ക്രയ സർട്ടിഫിക്കറ്റും മറ്റുള്ളവർക്ക് 1970-ലെ കേരള ഭൂപരിഷ്കരണ നിയമം (സീലിംഗ്) ചട്ടങ്ങൾക്കനുസൃതമായി പട്ടയവും നൽകേണ്ടതുണ്ട്. മുൻ സർവ്വെ റിക്കാർഡ് പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട 15 ഏക്കർ 85 സെന്റ് 500 ച.ലിങ്ക്സ് സ്ഥലം റീ സർവ്വെ പ്രകാരം നാളത് ഭൂമിയിൽ കോ-റിലേറ്റ് ചെയ്ത് മിച്ചഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിലേയ്ക്കായി കൈവശ സ്ഥല പരിശോധന, അവകാശ രേഖകളുടെ പരിശോധന എന്നിവ നടന്നു വരുന്നു. പ്രസ്തുത ഭൂമിയിലെ സർവ്വെ നടപടികൾ പൂർത്തിയാക്കി ഓരോ കൈവശങ്ങളുടെയും സ്കെച്ച് തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള നിയമാനുസൃതമായ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ